

TUESDAY 21-02-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/02/2023.

1. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 25 മുതൽ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിക്കുന്ന വൈഗ 2023നോട് അനുബന്ധിച്ച് തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച ആദ്യ ഡിപിആർ ക്ലിനിക്ക് "വഴികാട്ടി" സമാപിച്ചു. 45 സംരംഭകരുടെ ഭാവി സംരംഭങ്ങൾക്ക് അനുയോജ്യമായ 50 വിശദമായ പദ്ധതി രേഖകൾ വിദഗ്ധസമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി വൈഗ വേദിയിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് സംരംഭകർക്ക് നൽകും. കാർഷികമേഖലയിലെ സംരംഭകത്വ വികസനത്തിന് മുതൽക്കൂട്ടാകുവാൻ ആരംഭിച്ച ഡിപിആർക്ലിനിക്കുകൾ തുടർന്നും രണ്ട് മാസ ഇടവേളകളിൽ സംഘടിപ്പിക്കും. കാർഷിക മൂല്യവർദ്ധന ശൃംഖലയുടെ വികസനം എന്ന ആശയത്തിൽ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ആറാമത് വൈഗയുടെ ഭാഗമായി, കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുവാനും മൂല്യവർദ്ധനവ് നടത്തുവാനും ഉദ്ദേശിക്കുന്ന സംരംഭകരെ കർഷകരുമായി ബന്ധിപ്പിക്കുവാൻ ബിസിനസ്സ്2ബിസിനസ്സ് (ബി2ബി) മീറ്റ് സംഘടിപ്പിക്കുന്നുണ്ട്.കാർഷിക മേഖലയിലെ പ്രധാനപ്രശ്നനങ്ങൾക്ക് സാങ്കേതികമായ പരിഹാരം കാണുന്നതിന് അഗ്രി-ഹാക്കത്തോണും വൈഗയോടനുബന്ധിച്ച് നടത്തുന്നു.

2. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഇത് സംസ്ഥാനത്ത് 129 ബ്ലോക്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. ഈ സേവനം ലഭിക്കുന്നതിന് **1962** എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസ് എന്നീ ദ്വി വത്സര ഡിപ്ലോമ കോഴ്സുകളുടെ 2022- 23 അധ്യയന വർഷത്തെ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 25.02.2023 തീയതിയിൽ രാവിലെ 10.15 ന് സർവകലാശാലയുടെ പഴയ ആസ്ഥാന മന്ദിരത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. 2022- 23 ഡിപ്ലോമ പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിനും വിശദവിവരങ്ങൾക്കും www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

4. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2023 ഫെബ്രുവരി 22 ന് (22.02.2023) ആട് വളർത്തൽ എന്ന വിഷയത്തിൽ ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ 9188522708 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ ഓഫീസ് സമയങ്ങളിൽ ഈ നമ്പറിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

5. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഫെബ്രുവരി 22 വൈകുന്നേരം 5 മണി വരെ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. (യുവ സംരംഭകർക്ക് മുൻഗണന) കൂടുതൽ വിവരങ്ങൾക്ക് 0471-2501706/9400831831 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

6. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിൽ ഉള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി 'ഭക്ഷ്യ സംസ്കരണം' എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28 നകം 9400483754 ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ പത്തുമണി മുതൽ നാലുമണിവരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

7. മലമ്പുഴ സർക്കാർ സംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25ന് (25.02.2023) രാവിലെ 10 മണി മുതൽ 4 മണി വരെ "തീറ്റപ്പുൽ കൃഷി" എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽനടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലനസർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപ്പെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 04812353127, 7306464582 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

## 9. കാർഷിക നിർദ്ദേശം

ചീരയിൽ ഇലപ്പുള്ളിയും ഇലകരിച്ചിലും രോഗത്തിന് ചുവന്ന ചീരയും പച്ചച്ചീരയും ഇടകലർത്തി നടുക, ട്രൈക്കോഡെർമ്മ അല്ലെങ്കിൽ സ്യൂഡോമോണാസ് ഇവയിലേതെങ്കിലുമുപയോഗിച്ച് വിത്ത് പരിചരണം നടത്തുക, വെള്ളം വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം ഒഴിക്കുക, രോഗം കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ സ്യൂഡോമോണസ് 20 ഗ്രാം, പച്ച ചാണകം 20 ഗ്രാം കലക്കി അതിന്റെ തെളി എടുത്തു തളിക്കുക, 1 ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7-8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക.